ഉത്തരം

(എ) മണ്ണമ്പൂർ ഒറ്റൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതി 19-2-2014-ൽ കമ്മീഷൻ ചെയ്തു. പുതുതായി നിർമ്മിച്ച റോഡുകളിലും പൈപ്പ് ലൈൻ നീട്ടണമെന്ന പഞ്ചായത്തു കമ്മിറ്റികളുടെ നിർദ്ദേശപ്രകാരം ലൈൻ എക്സ്റ്റൻഷൻ വർക്കുകൾ നടത്താൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ, ഒറ്റൂർ പഞ്ചായത്തുകളിൽ രണ്ട് വീതം വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരികയുമാണ്. ഈ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ഈ പദ്ധതിക്കായി ഇതുവരെ 1195.00 ലക്ഷം രൂപ അനുവദിക്കുകയും 913 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2014 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

കണ്ണിമംഗലം-പാണ്ടുപാറ കുടിവെള്ള പദ്ധതി

138 (6843) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷവും സംസ്ഥാന സർക്കാർ 54 ലക്ഷവും അനുവദിച്ചിട്ടുള്ളതും മലയോരപഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതുമായ കണ്ണിമംഗലം-പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് അനുവദിച്ച 30 ലക്ഷം രൂപയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കലും (വനമേഖല ഒഴികെ) പ്രഷർ ഫിൽറ്ററിന്റെ അടിത്തറ നിർമ്മാണവും പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ച 54 ലക്ഷം രൂപയ്ക്ക് വിതരണ ശൃംഖലയിലെ വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തിലൂടെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും പ്രഷർ ഫിൽറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനും വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി 2015 മാർച്ചിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly